കഞ്ചാവ് കൃഷി

17 [*101] ശ്രീ. കെ. സി. ജോസഫ് :
„ വർക്കല കഹാർ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതു മുതൽ ഇതുവരെ എന്ത് തുകയ്ക്കുള്ള കഞ്ചാവ് കൃഷി നശിപ്പിച്ചിട്ടുണ്ട്:

(ബി) ഉൾവനങ്ങളിൽ കഞ്ചാവ് കൃഷി ചെയ്യുന്നത് കണ്ടുപിടിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്:

(സി) ആദിവാസികളെ ഭീഷണിപ്പെടുത്തി കഞ്ചാവ് കൃഷിക്കാരുടെ അടിമകളാക്കി അവരെക്കൊണ്ട് കഞ്ചാവ് കൃഷി ചെയ്യിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ നടപടി അവസാനിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) ഉദ്ദേശം 12,67,440 കഞ്ചാവ് ചെടികൾ നശിപ്പിച്ചിട്ടുണ്ട്. ഇതിന് അന്താരാഷ്ട്ര വിപണിയിൽ ഉദ്ദേശം 457.77 കോടി (നാനൂറ്റി അൻപത്തിയേഴുകോടി എഴുപത്തിയേഴ് ലക്ഷം) രൂപ വില വരുമെന്ന് കണക്കാക്കുന്നു.

(ബി) ഉൾവനങ്ങളിൽ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ നിരന്തരം റോന്ത് ചുറ്റി കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നു. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനങ്ങളിൽ കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യ വിവരം ശേഖരിച്ച് വരുന്നു. കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സഹായവും പ്രാദേശിക സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും ആദിവാസികളുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കുന്നതിന് സർക്കാർ 24-6-2005-ലെ ജി. ഒ. (ആർ റ്റി.) 356/05/വനം പ്രകാരം വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ആദിവാസികളെ ഭീഷണിപ്പെടുത്തി അടിമകളാക്കി കഞ്ചാവ് കൃഷി ചെയ്യിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലകൾക്കായി പ്രത്യേകം ടൂറിസം പാക്കേജ്

18 [*102] ശ്രീ. പി. ജെ. ജോയി:
„ ജി. കാർത്തികേയൻ:
„ എം. എ. വാഹീദ്:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളെ ടൂറിസം ജില്ലകളായി അംഗീകരിച്ചിട്ടുണ്ട്;

(ബി) ഈ ജില്ലകൾക്കുവേണ്ടി പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഈ ജില്ലകൾക്ക് വേണ്ടി പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിക്കുമോ എന്നറിയിക്കാമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) സംസ്ഥാനത്ത് ജില്ലകളെ ടൂറിസം ജില്ലകളായി പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനത്ത് ടൂറിസം സെന്ററായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

തിരുവനന്തപുരം സിറ്റി, കോവളം, പൊൻമുടി, വർക്കല, കൊല്ലം, കുമരകം, തേക്കടി, മൂന്നാർ, ആലപ്പുഴ, കൊച്ചിസിറ്റി, കാലടി, ഗുരുവായൂർ, കോഴിക്കോട് സിറ്റി, കാപ്പാട്, ബേക്കൽ, വയനാട്, കടലുണ്ടി നഗരം, നിലമ്പൂർ, തെൻമല-പാലരുവി, മുഴിപ്പിലങ്ങാടി-കണ്ണൂർ, ആലുവ, വാഗമൺ, ആതിരപ്പിള്ളി, എരുമേലി, പരവൂർ, പൂവ്വാർ, മരട്, കുട്ടനാട്, ചെറായി ബീച്ച്, ചാലക്കുടി-ആതിരപ്പിള്ളി സെക്ടർ, പെരുവണ്ണാംമൂഴി, കക്കയം, തുഷാരഗിരി, മീൻകുന്ന്/പയ്യാമ്പലം, കൊടികുത്തിമല, ഇരിങ്ങൽ-കോട്ടക്കൽ, പറമ്പിക്കുളം, നെല്ലിയാമ്പതി, മലമ്പുഴ.

(ബി ആന്റ് സി) ബാധകമല്ല.

ശബരിമലയിലെ ഭോജനശാല നടത്തിപ്പിലെ ക്രമക്കേടുകൾ

19 [*103] ശ്രീ. വി. ചെന്താമരാക്ഷൻ:
" എം. വി. ജയരാജൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ഭോജനശാല നടത്തിപ്പുമായി ബന്ധപ്പെട്ട് പുറത്തുവന്ന ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഭോജനശാല നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സൗജന്യ ഭോജനശാലയിൽ നിന്ന് ഭക്ഷണം നൽകിയത് സംബന്ധിച്ച് കണക്കുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഭോജനശാല നടത്തിപ്പ് ശരിയായ രീതിയിലാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ബന്ധപ്പെട്ട ദേവസ്വം ബോർഡ് അധികൃതർക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ–ഡി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly